REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-07-2026 | സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഗഗൻയാൻ ദൗത്യത്തിന്റെ ഭാഗമായ ക്രൂ മൊഡ്യൂളിന്റെ സുരക്ഷ ഉറപ്പാക്കുന്ന മൂന്നു നിർണ്ണായക പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കിയതായി ISRO.**
- **ഖത്തർ മുൻ അമീർ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ-താനിയുടെ നിര്യാണത്തിൽ ഇന്ത്യയിൽ ഇന്ന് ഒരു ദിവസത്തെ ദേശീയ ദുഃഖാചരണം.**
- **റവന്യൂ വകുപ്പിന്റെ ജില്ലാ തല അവലോകന യോഗങ്ങൾക്ക് കാസർകോട്ട് ഇന്ന് തുടക്കമാകും.**
- **സംസ്ഥാനത്ത് പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് മുതൽ ഓൺലൈനിൽ അപേക്ഷിക്കാം.**
- **ഇറ്റലിയുടെ ജാനിക് സിന്നറിന് വിംബിൾഡൺ ടെന്നിസ് പുരുഷ സിംഗിൾസ് കിരീടം.**

## വാർത്തകൾ വിശദമായി

ആദ്യ ആളില്ലാ ഗഗൻയാൻ ദൗത്യത്തിന്റെ ഭാഗമായ ക്രൂ മൊഡ്യൂളിന്റെ സുരക്ഷ ഉറപ്പാക്കുന്ന മൂന്നു നിർണ്ണായക പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കിയതായി ISRO അറിയിച്ചു. യാത്രപേടകം കടലിൽ ഇറങ്ങുമ്പോൾ ചെരിഞ്ഞുപോയാൽ വീണ്ടും നേരെ നിർത്തുന്ന ക്രൂ മൊഡ്യൂൾ അപ്പ് റൈറ്റിംഗ് സിസ്റ്റത്തിന്റെ ഇൻഫ്ളേഷൻ ടെസ്റ്റ്, ക്രൂ മൊഡ്യൂളിനെയും സർവീസ് മൊഡ്യൂളിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കേബിളുകൾ വേർപെടുത്തുന്ന ഡിസ്കണക്ട് സംവിധാനം, പേടകത്തിന് മുകളിലെ കവർ വേർപെടുത്തുന്നത് എന്നിവയാണ് പരീക്ഷിച്ച് ഉറപ്പുവരുത്തിയത്.

✪✪✪

ഖത്തർ മുൻ അമീർ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ-താനിയുടെ നിര്യാണത്തിൽ ആദരസൂചകമായി ഇന്ത്യ ഇന്ന് ഒരു ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു. രാജ്യത്തുടനീളം ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും. ഇന്ന് ഔദ്യോഗിക വിനോദ പരിപാടികളൊന്നും ഉണ്ടായിരിക്കില്ല.

ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ-താനിയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം അറിയിച്ചു.

ഖത്തറിനെ വികസനത്തിന്റെയും സമൃദ്ധിയുടെയും വലിയ ഉയരങ്ങളിലേക്ക് നയിച്ച ദീർഘവീക്ഷണത്തോട് കൂടിയ നേതാവായിരുന്നു ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ-താനിയെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. ഖത്തർ ഭരണകൂടത്തെ ഇന്ത്യയുടെ അനുശോചനം അറിയിക്കുന്നതിന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു ഖത്തർ സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ നേതൃത്വം നൽകുന്ന ഉന്നതതല പ്രതിനിധി സംഘം ഇന്ന് മുതൽ അഞ്ച് ദിവസം സ്പെയിൻ, ബെൽജിയം, ഫിൻലാൻഡ് എന്നീ യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിക്കും.

വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, നവീകരണം, സുസ്ഥിരത എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് യൂറോപ്പുമായി ഇന്ത്യയുടെ സാമ്പത്തിക പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് സന്ദർശനലക്ഷ്യമെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്........

പര്യടനത്തിന്റെ ആദ്യ ഘട്ടത്തിൽ, സംഘം ഇന്ന് സ്പെയിൻ സന്ദർശിക്കും. സ്പെയിനിലെ ചേംബർ ഓഫ് കൊമേഴ്സ് CEO, ICEX സ്പെയിൻ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് എന്നിവയുമായി ബിസിനസ് ചർച്ചകളിലും സംഘം പങ്കെടുക്കും. നാളെയും, മറ്റന്നാളും ബെൽജിയം സന്ദർശിക്കുന്ന കേന്ദ്രമന്ത്രി തേൽസ് ഗ്രൂപ്പിന്റെയും സിലോക്സ് ഗ്രൂപ്പിന്റെയും നേതൃത്വവുമായി കൂടിക്കാഴ്ചകൾ നടത്തും.

16, 17 തീയതികളിൽ ഫിൻലാൻഡ് സന്ദർശിക്കുന്ന പീയുഷ് ഗോയൽ, ഇന്ത്യ-ഫിൻലാൻഡ് ബിസിനസ് റൗണ്ട് ടേബിൾ യോഗത്തിലും പങ്കെടുക്കും.

✪✪✪

മൂന്നാമത് ബ്രിക്സ് ഗതാഗത മന്ത്രിമാരുടെ യോഗം നാഗ്പൂരിൽ സമാപിച്ചു. വ്യാഴാഴ്ചയാണ് ഇന്ത്യയുടെ അധ്യക്ഷതയിൽ 4 ദിവസത്തെ യോഗം ആരംഭിച്ചത്. സമാപനയോഗത്തിൽ കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി അധ്യക്ഷനായിരുന്നു. സുസ്ഥിര ഗതാഗതം, ലോജിസ്റ്റിക്സ്, ഗതാഗത ഡീകാർബണൈസേഷൻ, സുസ്ഥിര വ്യോമയാന ഇന്ധനം, നഗര മൊബിലിറ്റി, റെയിൽവേ ഗവേഷണം എന്നിവയുൾപ്പെടെ മേഖലകളിൽ ബ്രിക്സ് രാജ്യങ്ങൾ തമ്മിലെ സഹകരണം വിശദീകരിക്കുന്ന മന്ത്രിതല പ്രഖ്യാപനം ഏകകണ്ഠമായി അംഗീകരിച്ചതോടെയാണ് യോഗം അവസാനിച്ചത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ചിന്തകൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്ക്  ആശയങ്ങളും നിർദേശങ്ങളും ടോൾ ഫ്രീ നമ്പറായ 1800-11-7800 ലൂടെ പൊതുജനങ്ങൾക്ക് സമർപ്പിക്കാം. നരേന്ദ്ര മോദി മൊബൈൽ ആപ്ലിക്കേഷൻ, MyGov എന്നിവയിലൂടെ ഓൺലൈനായും നിർദേശങ്ങൾ പങ്കുവയ്ക്കാം. നിർദേശങ്ങൾ ഈ മാസം 24 വരെ സ്വീകരിക്കും.

✪✪✪

പ്രധാൻ മന്ത്രി മുദ്ര യോജന പ്രകാരം 350 രൂപ പ്രൊസസിങ് ഫീസ് അടച്ചാൽ അഞ്ച് ലക്ഷം രൂപ വായ്പ അനുവദിക്കുമെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത വ്യാജമെന്നു കേന്ദ്രഗവൺമെന്റ് വ്യക്തമാക്കി.  മുദ്ര പദ്ധതി വഴി വ്യക്തികൾക്കോ ചെറുകിട സംരംഭകർക്കോ നേരിട്ട് വായ്പ നൽകുന്നില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ അന്വേഷണ പരിശോധന വിഭാഗം അറിയിച്ചു.

✪✪✪

മന്ത്രി എ പി അനിൽകുമാർ പങ്കെടുക്കുന്ന സംസ്ഥാന  റവന്യൂ വകുപ്പിന്റെ ജില്ലാ തല അവലോകന യോഗങ്ങൾക്ക് കാസർകോട്ട് ഇന്ന് തുടക്കമാകും. കലക്ടറേറ്റ് കോൺഫ്രൻസ് ഹാളിലാണ് യോഗം.

റവന്യു സെക്രട്ടറി, ലാൻഡ് റവന്യു കമ്മീഷണർ, സർവ്വേ ഡയറക്ടർ, ജില്ലാ കളക്ടർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും. ജില്ലയിലെ ഭൂപ്രശ്നങ്ങൾ, പട്ടയ പ്രശ്നങ്ങൾ, പട്ടികവർഗ മേഖലയിൽ മാതൃകപരമായി നടപ്പിലാക്കി വരുന്ന ഓപ്പറേഷൻ സ്മൈൽ, ഡിജിറ്റൽ സർവ്വേ റീസർവ്വേ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് മന്ത്രി അവലോകനം ചെയ്യുക. ജില്ലയിലെ വില്ലേജ് ഓഫീസർമാരെ മന്ത്രി ഓൺ ലൈനിൽ അഭിസംബോധന ചെയ്യും.

✪✪✪

വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച കൊട്ടാരക്കര സ്വദേശികളായ എ.സി തോമസ്, ഭാര്യ ലോവേനി തോമസ് എന്നിവരുടെ മൃതദേഹങ്ങൾ രാത്രി പത്ത് മണിയോടെ മുബൈ വിമാനത്താവളത്തിൽ എത്തിക്കുമെന്ന് മുഖ്യമന്ത്രി VD സതീശന്റെ ഓഫീസ് അറിയിച്ചു. മുംബൈയിൽ നിന്നും തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിക്കുന്ന മൃതദേഹങ്ങൾ കൊട്ടാരക്കരയിലെ വസതിയിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ നോർക്ക ഏകോപിപ്പിക്കുമെന്നും ഓഫീസ് വ്യക്തമാക്കി.

✪✪✪

വയനാട് കള്ളാടി ദുരന്തമുഖത്ത് രക്ഷാപ്രവർത്തനം നടത്തിയ എല്ലാവർക്കും നന്ദി അറിയിക്കുന്നതായി മന്ത്രി എ.പി. അനിൽകുമാർ പറഞ്ഞു. സമാനതകളില്ലാത്ത ഏകോപനപ്രവർത്തനമാണ് ഉണ്ടായതെന്ന് അദ്ദേഹം അറിയിച്ചു. ഇന്നലെയാണ് കാണാതായ അവസാനത്തെയാളുടെ മൃതദേഹവും കണ്ടെത്തിയത്. ദുരന്തരത്തിൽ എട്ട് പേർക്കാണ് ജീവൻ നഷ്ടമായത്.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന്റെ  സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് മുതൽ ഓൺലൈനിൽ അപേക്ഷിക്കാം. മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അവസരം ലഭിക്കാത്തവർക്ക് ഇത് പ്രയോജനപ്പെടുത്താം. സപ്ലിമെന്ററി അലോട്ട്മെന്റിന്റെ ഒഴിവുകളും മറ്റു വിവരങ്ങളും അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

✪✪✪

56-ാമത് അന്താരാഷ്ട്ര ഫിസിക്സ് ഒളിമ്പ്യാഡിൽ അഞ്ച് ഇന്ത്യൻ വിദ്യാർത്ഥികൾ സ്വർണ്ണ മെഡലുകൾ നേടി. ഈ മാസം 4 മുതൽ 12 വരെ കൊളംബിയയിലെ ബുക്കാറമാംഗയിലായിരുന്നു  ഒളിമ്പ്യാഡ്.

പൂനെയിലെ  കനിഷ്ക് ജെയിൻ, ഇൻഡോറിലെ  റിദ്ധേഷ് അനന്ത് ബെൻഡാലെ, ന്യൂഡൽഹിയിലെ  റിഷിത് ഗാർഗ്, മുംബൈയിലെ ശ്രേഷ്ഠ് സുരയ്യ, അഹമ്മദാബാദിലെ  സ്വരിത് ജോഷി എന്നിവരാണ് മെഡൽ ജേതാക്കൾ.

✪✪✪

സംസ്ഥാനത്ത് ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി അന്വേഷക സംഘങ്ങൾ പരിശോധന വ്യാപകമാക്കി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...........വോയ്സ്.........

കോഴിക്കോട്ട് നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി ഒരാളെ ഫറോക്ക് പൊലീസ് പിടികൂടി. രാമനാട്ടുകര സ്വദേശി മുസ്തഫയാണ് പിടിയിലായത്.

ഇയാളുടെ വീട്ടിൽ നിന്നും വിൽപ്പനയ്ക്കായി 6 ചാക്കുകളിൽ സൂക്ഷിച്ച ഏകദേശം അയ്യായിരത്തോളം പാക്കറ്റ് ഹാൻസ് കണ്ടെടുത്തു.

പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ നടത്തിയ പരിശോധനയിൽ ഒരു ഗ്രാമിലധികം MDMAയുമായി ഓട്ടോറിക്ഷാ ഡ്രൈവറായ യുവാവിനെ കരുനാഗപ്പള്ളി പൊലീസ് അറസ്റ്റ് ചെയ്തു. കരുനാഗപ്പള്ളി കല്ലേലിഭാഗം സ്വദേശി സജിലാൽ ആണ് അറസ്റ്റിലായത്.

കോഴിക്കോട് സിറ്റി പൊലീസ് സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി നഗരത്തിലെ ജില്ലാ അതിർത്തികളിലെ പരിശോധനയിൽ 58 പേരെ അറസ്റ്റ് ചെയ്തു. 57 മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്തു.

59 ഓളം ഇതര സംസ്ഥാന ടൂറിസ്റ്റ് ബസുകൾ ഉൾപ്പെടെ 1040 ഓളം വാഹനങ്ങളും പരിശോധിച്ചു. മദ്യപിച്ച് വാഹനമോടിച്ച 19 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തു.

✪✪✪

മന്ത്രി കെ. മുരളീധരൻ ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

രാവിലെ കൊയിലാണ്ടി താലൂക്ക് ആശുപത്രി സന്ദർശിക്കുന്ന അദ്ദേഹം, ഇരിങ്ങൽ സർഗാലയയിലും എത്തും. ഉച്ചയ്ക്ക് വടകര ടൗൺഹാളിൽ കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷന്റെ ധനസഹായം മന്ത്രി വിതരണം ചെയ്യും.

വൈകിട്ട് കുറ്റ്യാടി MLA പാറയ്ക്കൽ അബ്ദുള്ളയുടെ ഓഫീസ് കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന യൂത്ത് കോൺഗ്രസ് പ്രസിഡണ്ടും, മന്ത്രിയുമായ ഒ.ജെ ജനീഷിനും, ജില്ലയിലെ കോൺഗ്രസിന്റെ MLAമാർക്കും ജില്ലാ യൂത്ത് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ രാവിലെ കോഴിക്കോട്ട് സ്വീകരണം നൽകും. ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിലാണ് പരിപാടി. മന്ത്രി ഒ.ജെ ജനീഷ് കോട്ടക്കൽ കുഞ്ഞാലി മരക്കാർ സ്മാരകവും, കാരന്തൂർ പാറ്റേൺ വോളി അക്കാദമിയും സന്ദർശിക്കും.

✪✪✪

ഇറ്റലിയുടെ ജാനിക് സിന്നറിന് വിംബിൾഡൺ പുരുഷ സിംഗിൾസ് കിരീടം. ജർമ്മനിയുടെ അലക്സാണ്ടർ സ്വെരേവിനെ തോൽപ്പിച്ചാണ് ജാനിക് സിന്നർ 100-ാം ഗ്രാൻഡ്സ്ലാം വിജയം നേടിയത്.

വനിതകളുടെ ഡബിൾസിൽ ചൈനീസ് - ഫ്രഞ്ച് താരങ്ങളായ ഗവോ ഹാന്യൂ, ക്രിസ്റ്റിന മ്ലാദനോവിക് സഖ്യം കനേഡിയൻ - ബ്രസീൽ ജോഡികളായ ഗബ്രിയേല ഡെബ്രോവിസ്കിയേയും, ലൂസിയ സ്റ്റെഫാനിയയും തോൽപ്പിച്ചു.

✪✪✪

ലോകകപ്പ് ഫുട്ബോൾ സെമി ഫൈനലിന് ബുധനാഴ്ച തുടക്കമാകും. ആദ്യ സെമിയിൽ ഫ്രാൻസ് - സ്പെയിനിനെ നേരിടും. വ്യാഴാഴ്ച സെമിയിൽ അർജന്റീന - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

✪✪✪

നെഹ്റു ട്രോഫി വള്ളംകളിയുടെ സമ്മാനത്തുകയും ബോണസും കാലോചിതമായി പരിഷ്കരിക്കും കെ.സി.വേണുഗോപാൽ എംപി പറഞ്ഞു. വള്ളംകളിയിൽ ഒന്നാമതെത്തുന്ന ചുണ്ടന് 25 ലക്ഷം രൂപയും, രണ്ടാം സ്ഥാനക്കാർക്ക് 20 ലക്ഷം രൂപ, മൂന്നാം സ്ഥാനത്തിന് 15 ഉം നാലാം സ്ഥാനത്തിന് 10 ഉം ലക്ഷം രൂപ എന്ന രീതിയിൽ വർദ്ധിപ്പിക്കണമെന്ന് എംപി നിർദ്ദേശിച്ചു.

✪✪✪

തായ്‌ലൻഡിലെ ബാങ്കോക്കിൽ അർദ്ധരാത്രി പബ്ബിലുണ്ടായ തീപിടുത്തത്തിൽ 27 പേർ മരിച്ചു. പരിക്കേറ്റ നിരവധി പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തീപിടുത്തത്തിന്റെ കാരണം അന്വേഷിച്ചു കൊണ്ടിരിക്കുകയാണെന്ന് തായ്‌ലൻഡ് പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

കാലിക്കറ്റ് മാസ്റ്റർ ക്രിക്കറ്റേഴ്സ് സംഘടിപ്പിക്കുന്ന ബി.എം.എച്ച് മാസ്റ്റർ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടൂർണമെന്റിന്റെ താരലേലം കോഴിക്കോട്ട് സംഘടിപ്പിച്ചു. ചടങ്ങ് എം.കെ. രാഘവൻ എം.പി. ഉദ്ഘാടനം ചെയ്തു.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: അബ്ദുൽ കബീർ, സബിത കെ*
*DEO: സി കെ സുബോധ്*